e-മൊഴി.




# MAGAZINE

# M.G.M.H.S.S. KURUPPAMPADY



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS

# MGM

# HIGHER SECONDARY SCHOOL

# KURUPPAMPADY






KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS

## മികവിന്റെ നിറവിൽ ..... എം.ജി.എം.



"തിങ്കളും താരങ്ങളും
തൂവെള്ളിക്കതിർ ചിഹ്നം

തുംഗമാം വാനിൻചോട്ടി-

ലാണെന്റെ വിദ്യാലയം "

ഒളപ്പമണ്ണ



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION PRESENTS






Kerala Infrastructure and Technology for Education
Presents




# PARUMALA KOCHU THIRUMANI



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION PRESENTS

# ***MANAGER***

*GIJU KORA*



***സന്ദേശം***

ആയിരം വർഷത്തിലേറെ പഴക്കമുള്ള കുറുപ്പംപടി സെന്റ് മേരീസ് സുറിയാനി പള്ളിക്ക് അതിനൊത്ത പെരുമയും പാരമ്പര്യവും ഉണ്ട്.പള്ളിയുടെ മാനേജ്മെന്റിൽ പ്രവർത്തിക്കുന്ന എം .ജി. എം .ഹയർ സെക്കന്ററി സ്കൂൾ കുറുപ്പംപടി പ്രദേശത്തിന്റെ

വളർച്ചയിൽ നിർണ്ണായക പങ്കുവഹിച്ചിട്ടുണ്ട്.


എം .ജി. എം .ഹയർസെക്കന്ററി സ്കൂൾ ഈ വർഷം സ്കൂൾ ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം തോന്നുന്നു.

സാങ്കേതിക വിദ്യയോടുള്ള പുതു തലമുറയുടെ ആഭിമുഖ്യം വ്യക്തമാക്കുന്ന' **e-മൊഴി'** എന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ വിജയങ്ങളും നേരുന്നു. ഇതിന്റെ അണിയറയിൽ പ്രവർത്തിച്ച വിദ്യാർത്ഥികളെയും എഡിറ്റോറിയൽ കമ്മിറ്റി അംഗങ്ങളെയും അധ്യാപകരെയും അഭിനന്ദനങ്ങൾ അറിയിക്കുന്നു.

**മാനേജർ**

# *HEADMISTRESS*

*SHAIBI KURIAKOSE*



***സന്ദേശം***

വിവരസാങ്കേതികവിദ്യ സമൂഹത്തിന്റെ എല്ലാ മേഖലകളിലും ഇന്ന് സ്വാധീനം ചെലുത്തുന്നു . വിദ്യാർത്ഥികൾക്ക് ഗുണപരമായും സർഗാത്മകമായും ഇവ പ്രയോജനപ്പെടുന്നതിനായി നടപ്പിലാക്കി വരുന്ന ലിറ്റിൽ കൈറ്റ്സ് ഐടി കൂട്ടായ്മ എം. ജി .എം. ഹയർ സെക്കന്ററി സ്ക്കുൾ

e-മൊഴി.

കുറുപ്പംപടിയിലും നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു.


ലിറ്റിൽ കൈറ്റ്സിന്റെ പുതിയ സംരംഭമായ ഡിജിറ്റൽ മാഗസിൻ **'e–മൊഴി'**യിലൂടെ യാഥാർത്ഥ്യമാവുകയാണ്. ഇതിനു പിന്നിൽ പ്രവർത്തിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും വിദ്യാർത്ഥികൾക്കും പ്രത്യേകം അഭിനന്ദനങ്ങൾ. കൗമാര പ്രായക്കാരിലെ മുത്തും പവിഴവും **'e–മൊഴി'**യിലൂടെ വെളിപ്പെട്ടു മാറ്റൊലിക്കൊള്ളട്ടെ....................

**HEADMISTRESS**



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION PRESENTS

## At the back side......



### Chief Editor

PONNUMOL A .V.

### Staff Editor

SHEENA M. T.

JESSY KURIAKOSE

### Student Editor

AHALYA ASHOKAN

### Design & layout

ALBIN ELDHOSE
AMAL ASHOKAN
JERIN M. BIJU
JOJO JOBY

## എഡിറ്റോറിയൽ






***Ahalya Ashokan***

***IX D***

*നൂതനങ്ങളായ ആശയങ്ങളുടേയും പരശതം കണ്ടുപിടുത്തങ്ങളുടേയും നിരവധ്യമായ അറിവുകളുടേയും ഭണ്ഡാഗാരങ്ങളാണ് ഓരോ വിദ്യാലയവും. ഉത്തരം കിട്ടാത്ത ഒട്ടനവധി ചോദ്യങ്ങളും അവയ്ക്കുവേണ്ടിയുള്ള പരക്കംപാച്ചിലുകളും ഇവിടെ ഓരോ കുഞ്ഞിന്റേയും ഉള്ളിൽ ജ്വലിച്ചു നിൽക്കുന്നു.അവ അനുകൂലമായ സാഹചര്യത്തിൽ വിടർന്ന് സുഗന്ധപൂരിതമാകുന്നു. ഇത്തരം സുഗന്ധങ്ങൾ ഒട്ടൊക്കെ അവനവനും*

## e-മൊഴി.

*ഒരു വേള അപരന്നും ആത്മസുഖത്തിനായ് വന്നു ഭവിച്ചേക്കാം. എം . ജി . എം . എച്ച് .എസ് . എസിലെ കുരുന്നു മനസ്സുകളിൽ ഉദിച്ചുയർന്ന് പ്രകാശമാനമായ ആശയങ്ങളുടെയും ആത്മനൊമ്പരങ്ങളുടെയും ആവിഷ്കാരങ്ങളാണ്'**ഇ–മൊഴി'.** ഇതൊരു തുറന്നുകാട്ടലാണ്. കൊച്ചു കൊച്ചു സന്തോഷങ്ങളും സന്താപങ്ങളും നമുക്കിതിൽ ദർശിക്കാം .ഒരുവേള ചിലപ്പോൾ 'നമ്മളോർമ്മിച്ചേക്കാം നമ്മളെങ്ങനെ നമ്മളായെന്ന്. '*

***മൊഴി....................***
***അറിവായി...............***
***നിറവായി......***
***പിന്നെ ഒരു കുളിർ മഴയായി.......***
***നമ്മിൽ നിറയട്ടെ............!***

*സസ്നേഹം*
*എഡിറ്റർ.*



Kerala Infrastructure and Technology for Education
Presents

# അകത്താളുകളിൽ.......


- THE LARK AND FARMER ..........................15
- മുഖമില്ലാത്ത കാറ്റ് ........................................18
- राम और कनक...................................................19
- മഴ..........................................................................20
- മഴയിൽ വിരിഞ്ഞ പ്രഭാതം............................21
- TAJ ...... MY DEAR TAJ................................23
- THE VILLAGE MOUSE AND TOWN MOUSE................................26
- ശാസ്ത്രജാലകം................................................30
- വർത്തമാനക്കാലത്തിലെ വർത്തമാനമറിയാത്ത തലമുറ................................................32
- പ്രപഞ്ചത്തിന്റെ മണിദീപം..............................35

➢ विद्यालयं मनोहरं.............................................37
➢ കണക്കിലെ കുസൃതി ചോദ്യങ്ങൾ...................40
➢ रिशतों की खुबसूरती.........................................46
➢ പ്രളയം മാറ്റിമറിച്ച ജീവിതങ്ങൾ.....................47
➢ കടങ്കഥകൾ.....................................................55
➢ चुटकुल...........................................................64
➢ വാർദ്ധക്യം നേരിടുന്ന
വെല്ലുവിളികൾ...............................................66
➢ വിശപ്പില്ലാത്ത വിദ്യാർത്ഥി ...........................71
➢ हम सब एक है ..................................................76



Kerala Infrastructure and Technology for Education
Presents



***Nandana VA***
***IX E***

# ***The LARK and the FARMER***

Once upon a time there lived a farmer. He owned a huge corn field .One day, a Lark was out looking for a place to build a nest.

When she reached the farmer's field. She found it war and comfortable. The Lark picked up dry pieces of straw and made a beautiful nest . Some days after , she laid two eggs in the nest . The egg soon hatched and out came two lovely chicks. One day a, mother



Kerala Infrastructure and Technology for Education
Presents

Lark was away. The chicks heard the farmer say to his son , “well, the corn is ripe. We must ask our neighbours and friends to help has reap the corn” . The chicks were frightened . When their mother returned , the chicks told her that the farmer was planning to ask his neighbours and friends to help him reap the corn. The Mother Lark said “ You must not get worried .A man who waits for others to do his job will never finish his work on time”

.A few days later, the chicks heard the farmer talking to his son . “ Son , the corn has started falling . We must reap it ourselves . Tomorrow , I will hire workers and start the work

When the chicks told their mother about the farmer's plan, She know it was time to leave. She said, “Dear kids, we must leave this farm now.”

One of the chicks said, “But mother, you had said that there was no need to worry.”

The mother lark replied,

"The farmer has now decided to do his work himself. He will start the work by tomorrow. He is no more waiting for others to help him. So, we must leave by tomorrow morning"

And the the next morning, mother Lark and her two kids flew away.



Kerala Infrastructure and Technology for Education Presents



*Anu Joy*
*IX E*

# <u>മുഖമില്ലാത്ത കാറ്റ്</u>

കാറ്റിന്റെ മുഖമൊന്ന് കാണണമെങ്കിലോ
കാറ്റായ് വാനിൽ പറന്നിടേണം
കാറ്റിന്റെ സുഖമൊന്നറിയണമെങ്കിലോ
കാറ്റിൻ പൊൻകരങ്ങൾ തഴുകിടേണം
ചിലപ്പോഴോ സഹായകം ചിലപ്പോഴോ
ഉപദ്രവം ചെയ്യുമെൻ കാറ്റേ .... പൂങ്കാറ്റേ....
എങ്കിലും ആളുകൾ നിന്നെ വെറുക്കുന്നു
എന്നുടെ കാറ്റേ .... പൂങ്കാറ്റേ
ഇടിയുടേയും മഴയുടേയും കൂടെ നടക്കുമ്പോൾ
നീയും മനുഷ്യർക്ക് പേടിസ്വപ്നം



***Sruthi S***
***VII D***

# राम और कनक

*एक गाँव मैं राम नाम का एक गरिब किसान था । वह एक छोटा घर में रहता थे । उसका दोस्त था कनक वो राम को प्यार करते थे। एक दिन राम और कनक खेत में से चल रहा था। तब वहाँ एक साफ़ आया बड़ा लेबा काला रंग का वो दोने डर गयी साफ़राम के पास आया और कटाने केलिए कोशिश की लेकिन कनक साफ़ को एक लकडी से मारा साफ़ कनके पास क्(ध से आया और काटा पर रामू वहाँ भाग हया कनक उस आफ़ का काट मर गया.........*



*Aneet Anna Roy*
*IX E*

# *മഴ*

***പ്രകൃതി തൻ നേത്രത്തിൻ നിന്നുൽഭവിച്ച മഴ***
***പ്രകൃതിക്കു കുളിർമയേകി***
***ജീവജാലങ്ങൾക്കുർജ്ജമേകി***
***കാട്ടുകൾ പൂത്തുലഞ്ഞു മഴ***
***നദികളെ നിർവൃതിയണിയിച്ച മഴ***
***സൂര്യനോടി മറയുന്നു***
***മയിലുകൾ നൃത്തം വയ്ക്കുന്നു***
***മഴ മഴ വാനം നനഞ്ഞു മനം തെളിഞ്ഞു.***



***Arunima Rajesh***
***VIII E***

# മഴയിൽ വിരിഞ്ഞ പ്രഭാതം

***'രാവിലെഴുന്നേറ്റു ഞാൻ മുറ്റത്തുചെന്നപ്പോൾ'***
***ഒരു തുള്ളി തണ്ണീരെൻ കണ്ണിൽ വീണു***
***എവിടന്നു നിന്നാണാതുള്ളി വീണതെന്നു***
***നിറമനസ്സോടെ ഞാൻ നോക്കിനിന്നു***
***അപ്പോഴതാ ഒരു കരിമുകിൽ പെൺകൊടി***
***ഒരു കുടം തണ്ണീരുമായ് നീങ്ങുന്നു***
***ഒരു കുടം തണ്ണീരും മുറ്റത്തു വീഴ്ത്തിയ***
***പെൺകൊടി ദൂരേയ്ക്കു മാഞ്ഞുപോയി.***
***ഓരോരോ തുള്ളിയും ഇറ്റിറ്റു വീഴുമ്പോൾ***



Kerala Infrastructure and Technology for Education
Presents

***ഞാൻ അതിൻ ഭംഗി നോക്കി നിൽക്കേ...***
***ആരാരും കാണാതെ പൂക്കൾക്കിടയിലാ***
***തേൻതുള്ളി മാറിയൊളിച്ചിരിക്കേ...***
***പിന്നീടാതുള്ളികൾ ഒന്നിച്ചിരട്ടിച്ച്***
***വലിയൊരു മഴയായി മാറീടവേ !***
***ഓരോ മരത്തിലും വീഴുന്ന തുള്ളിയെ***
***ഒട്ടേറെ നേരം ഞാൻ നോക്കി നിൽപ്പൂ***
***ഒരോ തുള്ളിയുടെയും ഇടയിൽ ഞാൻ***
***പാവമാം പ്രകൃതിയെ കണ്ടു നിൽക്കേ***
***വീണറ്റു പോകുമീ ഓരോ മഴതുള്ളീം***
***എന്നുള്ളിൽ നീളെയൊരാകാംക്ഷയായി .***



***Anu Joy***
***IX E***

# TAJ...........MY DEAR TAJ.


*Taj....... my dear taj*
*how beautiful you are*
*till the end of our world*
*everyone will remember you*
*lyrie in marble*
*you are so lucky*
*in the moon light you are so cute*
*my heart is beating for you*
*Mumtaz you are so lucky because*
*you got a very precious gift*
*from your love Shahjahan*
*the prince of builders.*

# e-മൊഴി.


one Earth
one Fa
Development
Without
Destruction
WORLD ENVIRONMENT DAY
BEAT PLASTIC POLLUTION
2018-19
WELCOME
TO THE
WORLD OF HELLO ENGLISH



Amal Ashokan
IX B





KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION PRESENTS



***Aneet Anna Roy***

***IX E***

# THE VILLAGE MOUSE & TOWN MOUSE

Once upon a time, there lived a little mouse in a hole beside a farm .He lived in peace & harmony with his neighbours, farmer and other animals. He heard about his childhood friend living in nearby town. He decided to invite him .

They were good friends. The day arrived when the town mouse turned up in village. He looked around and muttered



Kerala Infrastructure and Technology for Education Presents

himself, “what a lousy place!How can anyone live here?” The village mouse took him to his house . “what a filthy place help!” grumbled the town mouse. All food was already on “ Please help yourself to the food, through it's not much”,said the village mouse. “You're right. It isn't much,”said the town mouse. The town mouse commented “This place is so filthy and miserable. The food is so bad.” “why don't you come and stay with me?”asked the town mouse.

Early the next morning , the town mouse left for home. The village mouse was so sad.

A few days later, the village mouse visited his friend. He was in for a rude shark. Everything to him was so big .The roar of



Kerala Infrastructure and Technology for Education
Presents

traffic was deafening.

It was already dark when he reached here. “Welcome to my place ! Please join me for dinner”, said his friend. The hungry mouse was led into a fine dining room where a lot of food was ready. “Please help yourself to the expensive food!” declare the town mouse.

When they sat down to eat, a housemaid ran towards them swinging a broom, “you theiving mice get out !” the frightened mouse and escaped through a hole. “let's go to another place where the food is great !” said the town mouse. “No thank you”, replied village mouse. “I've enough for one day. I'm happy with simple food at home”. So saying, he went home.

Moral: A person can be just as happy

living in the way that suits him.



Abhirami Mohan
X C

# ശാസ്ത്ര ജാലകം

അന്തരിച്ച ഭൗതികശാസ്ത്രജ്ഞൻ സ്റ്റീഫൻ ഹോക്കിങ്ങിന്റെ അവസാനത്തെ ഗവേഷണ പ്രബന്ധം പുറത്തുവിട്ടു. കേംബ്രിജ് ബ്ലാക്ക് ഹോൾ 'എൻട്രോപി ആൻറ്സോഫ്റ്റ് ഹെയർ'എന്നാണ് പ്രബന്ധത്തിന്റെ പേര് . ഒരു വസ്തു തമോഗർത്തത്തിലേക്ക് വീഴുന്ന എതൊന്നിന്റെയും (പ്രകാശം , ശബ്ദം തുടങ്ങിയവ) വിവരങ്ങൾ സൂക്ഷിക്കുന്നുണ്ടോ എന്നതാണ് വിഷയം.

ഇതിനെ 'ദി ഇൻഫർമേഷൻ' പാരഡോക്സ് എന്നാണ് ഭൗതിക ശാസ്ത്രജ്ഞൻ വിളിക്കുന്നത്.



Kerala Infrastructure and Technology for Education
Presents

*തമോഗർത്തങ്ങളെക്കുറിച്ചാണ് പ്രബന്ധം. ഇവയെക്കുറിച്ച് ആൽബർട്ട് ഐൻസ്റ്റീൻ 1915-ൽ നിരീക്ഷണം നടത്തിയിരുന്നു.*

*60 വർഷത്തിനുശേഷം തമോഗർത്തങ്ങൾക്ക് ഒരു നിശ്ചിത താപനിലയുണ്ടെന്ന് ഹോക്കിങ് പറഞ്ഞു വെച്ചിരുന്നു. എന്നാൽ ചൂടുള്ള വസ്തുകൾക്ക് താപം നഷ്ടപ്പെടും. താപം നഷ്ടമാകുന്ന താമോഗർത്തം പതിയെ ഇല്ലാതാകും.*

## തമോഗർത്തം

*അനന്തമായ ഗുരുത്വാകർഷണത്താൽ പ്രകാശത്തിനുപോലും പുറത്തു കടക്കാനാവാത്ത കെണികളായാണ് തമോഗർത്തം. ആൽബർട്ട്  ഐൻസ്റ്റീനിന്റെ സാമാന്യ ആപേക്ഷികതാസിദ്ധാന്തമാണ് ഇതിനടിസ്ഥാനം.*



***Sreelakshmi TM***
***X C***

# *വർത്തമാനകാലത്തിലെ*

# *വർത്തമാനമറിയാത്ത തലമുറ*

വാക്കുകൾ നാവിൽനിന്ന് യാത്ര തിരിച്ച് വിരലുകളിലേക്ക് ചേക്കേറിയപ്പോൾ നമ്മൾക്ക് നഷ്ടപ്പെട്ടത് നമ്മുടെ പുതുതലമുറയുടെ നിഷ്കളങ്കതയാണ് .നവമാധ്യമങ്ങൾ ഇന്ന് നമുക്ക് ഏറ്റവും ഉപയോഗപ്രദവും ആവശ്യമുള്ളതുമായ ഒരു



Kerala Infrastructure and Technology for Education Presents

ഉപാധിയാണ്. നമ്മുടെ ഈ പുതുതലമുറ ലഹരി പദാർത്ഥങ്ങൾക്കു അടിമപ്പെടുന്നതും നവമാധ്യമങ്ങൾക്ക് അടിമപ്പെടുന്നതും ഒരുപോലെയാണ്. തുടങ്ങാൻ വളരെ എളുപ്പവും രസവുമായിരിക്കും .പക്ഷെ അതു നിർത്താൻ നമുക്ക് സാധിക്കുകയില്ല.നിർത്തമ്പോഴേക്കും അതു നമ്മെ പൂർണ്ണമായി കാർന്നുതിന്നിട്ടുണ്ടാകും.

ഒരു നാണയത്തിന് ഇരുവശമുള്ളതു പോലെ എല്ലാത്തിനും ഒരു നല്ലവശവും ചീത്തവശവും കാണും. അറിവിന്റെ ലോകത്തിലേക്ക് ഇന്നത്തെ പുതുതലമുറയ്ക്കു കിട്ടിയ ഏറ്റവും വലിയ ഉപഹാരമാണ് നവമാധ്യമ ശൃംഖല. ഒരിക്കലും നവമാധ്യമം മനുഷ്യനെ അടിമയാക്കി തീർക്കുന്നില്ല. അതുപയോഗിക്കുന്ന വ്യക്തിയുടെ ചിന്തയെയും അറിവിനെയും അടിസ്ഥാനമാക്കിയിരിക്കും. നല്ല ഉദ്ദേശത്തോടെ ഉപയോഗിക്കുന്നതുംതെറ്റായ ഉദ്ദേശത്തോടെ ഉപയോഗിക്കുന്നതും തമ്മിൽ വലിയ വ്യത്യാസമുണ്ട് എന്ന് നമുക്ക് അറിയാം.



Kerala Infrastructure and Technology for Education
Presents

നമ്മുടെ സമൂഹത്തിൽ നടക്കുന്ന ഓരോ കുറ്റകൃത്യത്തിന്റെ പുറകിൽ നവമാധ്യമങ്ങളുടെ വലിയൊരു പങ്കുണ്ട്. ബ്ലൂവെയിൽ, മോമോ എന്നിങ്ങനെയുള്ള പലതരം അപകടമേറിയ കളികൾ കളിച്ച് ജീവൻ നഷ്ടപ്പെടുത്തിയ ഒരുപാടുപേരെ നമുക്ക് ചുറ്റും കാണാം. "വർത്തമാനകാലത്തെ വർത്തമാനമറി-യാത്ത തലമുറ" എന്ന് നമ്മൾ വിശേഷിപ്പിക്കുന്ന ഈ യുവതലമുറയെ നന്മയുടെയും സന്തോഷത്തിന്റെയും ലോകത്തേയ്ക്കു നയിക്കാൻ നമുക്ക് ഒരുമിച്ച് കൈ കോർത്ത് പ്രവർത്തിക്കാം.



***Anu Joy***
***IX E***

# <u>പ്രപഞ്ചത്തിന്റെ മണിദീപം</u>

**സ്വർണ്ണസുരഭിയായി നിൽക്കുന്ന സൂര്യൻ**
**ആകാശ വിസ്മയത്തിൽ നിലനിൽക്കുന്ന**
**സൂര്യൻ**
**സൂര്യകിരണങ്ങൾ വാർന്നൊലിക്കവെ....**
**ഭൂമി പ്രകാശദീപമാകുന്ന സൂര്യൻ**
**സൂര്യ തേജസ്സിൽ മുങ്ങി സൂര്യൻ**
**പ്രകൃതിയെ പ്രകാശപൂരിതമാക്കുന്നു.**
**എന്നും സൂര്യതേജസ്സോടെ ഭൂമിയിൽ**
**വെളിച്ചം കാട്ടി നിലനിൽക്കുന്നു സൂര്യൻ**
**ലോകത്തിന്റെ മണിദീപമായ് സൂര്യൻ**
**തീഗോളമായ് സൂര്യൻ കിഴക്കിന്റേയും**
**പടിഞ്ഞാറിന്റേയും**
***പ്രകാശ തീഗോളമായ് ഉദിക്കുന്ന സൂര്യൻ .***



Kerala Infrastructure and Technology for Education Presents

# e-മൊഴി.



*Sona Babu and Reeba Dais*
*IX E IX D*



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS



*Neha Jemy*

*VIII D*

# विद्यालयं मनोहरं

सरस्वति मन्दिरं विद्यालयं
छात्रोण शोभितं विद्यालयं।
गुरो शोभितं विद्यालयं
विद्यालं मनोहरं। ।

वृन्दावने शोभितं विद्यालयं
कक्ष्यायै शोभितं विद्यालयं।
पुस्तक शोभितं विद्यालयं।



Kerala Infrastructure and Technology for Education Presents

विद्यालयं मनोॅहरं । ।

यॊगेन शोॅभितं विद्यालयं


श्लॊकेन शोॅभितं विद्यालयं ।

पाठॆन शोॅभितं विद्यालयं

विद्यालयं मनोॅहरं । ।



Kerala Infrastructure and Technology for Education
Presents



Alan Dison
IX B






KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS



***Pilja Prince***

***VII A***

## കണക്കിലെ കുസൃതിചോദ്യങ്ങൾ


- ഏതിനാണ ഭാരക്കൂടുതൽ, ഒരുപൗണ്ട്പഞ്ഞിക്കാണോ? ഒരുപൗണ്ട് സ്വർണ്ണത്തിനാണോ?
- എട്ട് നേർവരകൾ മാത്രമുപയോഗിച്ച് രണ്ട ചതുരങ്ങളും നാല മട്ടത്രികോണങ്ങളും വരക്കാമോ?
- ന്യൂ മാർക്കറ്റിൽ നിന്ന് ഞാൻ ഒരു സാരിയും

ബ്ലൗസും 110 രൂപയ്ക്കുവാങ്ങി,
ബ്ലൗസിനേക്കാൾ 100 രൂപ കൂടുതലാണ്
സാരിയ്ക്ക്.എങ്കിൽ സാരിയുടെ വിലയെത്ര?


- വിചിത്രമായ ഒരു സംഖ്യയുണ്ട്.ഇതിലെ അക്കങ്ങൾ കൂട്ടിയാൽ കിട്ടുന്ന സംഖ്യയുടെ മൂന്നിരട്ടിയാണ് പ്രസ്തുതസംഖ്യ.സംഖ്യ കണ്ടുപിടിക്കാമോ?
- അച്ഛന് ഇപ്പോൾ മകന്റെ പ്രായത്തിന്റെ 4 നാലിരട്ടിയുണ്ട്.30 വയസ്സിൽ മകന്റെ പ്രായം അച്ഛന്റെ പ്രായത്തിന്റെ പകുതിവരും.രണ്ടു പേരുടെയും ഇപ്പോഴത്തെ വയസ്സെത്ര?
- ആറുതീപ്പട്ടിക്കോലുപയോഗിച്ച് 'ഒന്നുമില്ല' എന്നു തെളിയിക്കാമോ?
- 12 പതിനാറു 4 കളുപയോഗിച്ച് 'ആയിരം'

ഉണ്ടാക്കാമോ?


- ഈ ചതുരത്തിനുള്ളിൽ എത്ര ചതുരങ്ങളുണ്ട്?




- ഏതിനാണ കൂടുതൽ മൂല്യം,ഒരു ബക്കറ്റ് നിറയെ അരപ്പവൻ വരുന്ന സ്വർണ്ണനാണയങ്ങൾക്കാണോ? അരബക്കറ്റ് നിറയെ വരുന്ന ഒരു പവൻ സ്വർണ്ണനാണയങ്ങൾക്കാണോ?
- ഈ സ്റ്റാറിൽ എത്ര ത്രികോണങ്ങൾ ഉണ്ട്?



Kerala Infrastructure and Technology for Education
Presents



## ഉത്തരങ്ങൾ

- ഒരു പൗണ്ട് പഞ്ഞിയ്ക്ക്,കാരണം അതിന്റെ ഭാരമളക്കുന്ന യൂണിറ്റിന് സ്വർണ്ണത്തിന്റെ ഭാരം അളക്കുന്ന യൂണിറ്റിനേക്കാൾ തൂക്കം കൂടുതലാണ്.
- 

◆സാരിയ്ക്ക് 105 രൂപയും ബ്ലൗസിന് 5 രൂപയും [സാരിയ്ക്ക് 100 രൂപ കൂടുതൽ]

◆27 എന്ന സംഖ്യ.[2+7:9,9*3:27]

◆അച്ഛന്റെയും മകന്റെയും ഇപ്പോഴത്തെ പ്രായത്തിന്റെ തോത് 4:1. 30 വർഷം കഴിഞ്ഞാൽ അത് 2:1 ആകും.അതിനാൽ 30*2:60 അച്ഛന്റെ വയസ്സ്:607/2*30:15 മകന്റെ വയസ്സ്:15

◆ NIL

◆444+444+44+44+4+4*4+4+4+4

◆30 ചതുരങ്ങൾ

◆അരപവനായാലും ഒരു പവനായാലും സ്വർണ്ണത്തിന്റെ മൂല്യം ഒന്നു തന്നെ.



Kerala Infrastructure and Technology for Education
Presents

അതിനാൽ കൂടുതൽ മൂല്യം, നിറഞ്ഞ ബക്കറ്റിലെ സ്വർണ്ണത്തിനുതന്നെ.



***Sruthi S***
***VII D***

# *रिशतों की खुबसूरती*

पत्थर तब तक सलामत है जब तक वो पर्वत सॆ जुडा है। पत्ता तब तक सलामत है जब तक वो परिवार से जुडा है।इंसान तब तक सलामत हैं जब तक वो परिवार से जुडा है।क्योंकि परिवार से अलग होकर आजादी तो मिल जाती है लेकिन संस्कार चल जा हैं। आप अकेले बोल तो सकते है।

पुरन्तु बातचीत नहीं कर सकते।आप अकेले आनन्दित हा सकते है उत्सव नहीं मना सकते।अकेले आप भुस्करा तो सकते है।

परन्तु हर्षल्लिास नहीं मना सकते हम सब एक वुसरे के बिना कुछ नहीं हैं यही रिशतों की खुबसूरती है।



Kerala Infrastructure and Technology for Education Presents



***Sona Peter***
***VII B***

## പ്രളയം മാറ്റിമറിച്ച ജീവിതങ്ങൾ

കുട്ടനാടൻ മത്സ്യത്തൊഴിലാളികൾ.പ്രളയം കേരളത്തെ വിഴുങ്ങിയപ്പോൾ കേരളത്തെ കൈ പിടിച്ചുയർത്തിയ യഥാർത്ഥ ദേശസ്നേഹികൾ. കൊടിയ ദാരിദ്ര്യത്തിലും സ്വന്തം കുടുംബത്തെ പോലും വിസ്മരിച്ച് സ്വന്തം നാടിന് കൈത്താങ്ങായ ഒരു മത്സ്യത്തൊഴിലാളിയുടെ കഥ.

അയാളുടെ പേര് ചന്ദ്രൻ എന്നായിരുന്നു. പകലന്തിയോളം കടലിൽ വലയെറിഞ്ഞ് കഷ്ടപ്പെട്ടുണ്ടാക്കിയ അയാളുടെ വീട്ടിൽ ഭാര്യയും മോളുമുണ്ട്.അഞ്ചോ ആറോ വയസ്സുമാത്രം പ്രായം

മതിക്കുന്ന പെൺകുട്ടി. അച്ഛനെന്നാൽ മോൾക്കും മോളെന്നാൽ അച്ഛനും ജീവനായിരുന്നു. ഇവൾക്കാണെങ്കിൽ കടലിനെ പേടിയായിരുന്നു.പക്ഷേ അച്ഛൻ എപ്പോഴും അവളോടു പറയും "കടലമ്മ നമ്മളെ ചതിക്കില്ല .കടലമ്മ നമ്മുടെ അന്നമാണെന്ന്".എന്നാലും അവൾക്ക് കടൽ ഭയാനകമായ സ്വപ്നമായിരുന്നു.ഇവളെന്നും അച്ഛനുവേണ്ടി രാത്രിയാകുംവരെ കണ്ണിലെണ്ണയൊഴിച്ച് കാത്തിരിക്കുമായിരുന്നു. അച്ഛനാകട്ടെ മോള് തനിക്കുവേണ്ടി കാത്തിരിക്കുന്നുണ്ടെന്നറിഞ്ഞ് നേരത്തെ വീട്ടിലെത്തി അവളോടൊപ്പം അത്താഴം കഴിച്ച്,അവളെ കിടത്തിയുറക്കിയതിനു ശേഷമേ മറ്റു ജോലികൾക്ക് പോകുമായിരുന്നുള്ളൂ.

അങ്ങനെ സൂര്യോദയവും അസ്തമയവും പോലെ അതൊരു തുടർക്കഥയായി.ഒരു ദിവസം രാവിലെ എഴുന്നേറ്റപ്പോൾ അച്ഛൻ അവളോട് ചോദിച്ചു: "മോളെ എന്റെയൊപ്പം നീ കടലിൽ വരണുണ്ടോ?" ആദ്യമൊന്നും അവൾ സമ്മതിച്ചില്ല.പിന്നെ പിന്നെ അവളുടെ ഉള്ളിന്റെയുള്ളിൽ ഒരാഗ്രഹം

'അച്ഛനോടൊപ്പം കടലിൽ ഒന്നു പോയാലോ?' അവസാനം അവൾ അച്ഛനോടൊപ്പം മീൻപിടിക്കാൻ പോയി.വഞ്ചിയുടെ കിടുക്കത്തിനൊപ്പം അവളുടെ മനസ്സും പതറി.എങ്കിലും ആ തണുപ്പത്ത് അച്ഛന്റെ കാലുകളിൽ ഇറുക്കിപ്പിടിച്ച് ആ യാത്ര അവൾ പൂർത്തിയാക്കി .പിന്നെ പിന്നെ അത് അവൾക്ക് ഹരമായി തീർന്നു.അവൾക്ക് കടലിനെ പേടിയില്ലാതായി.അച്ഛൻ വരുന്നതുവരെ അവൾ അരപ്പൊക്കം വെള്ളത്തിൽ നിന്ന് കളിച്ചും വെള്ളത്തിൽ അമ്പിളിയമ്മാവനെ വീക്ഷിച്ചുകൊണ്ടുമിരുന്നു.കൊച്ചു കൊച്ചു കവിതകൾ അവൾ തന്നെ ഉരുവിട്ടു.സത്യത്തിൽ അവളെ കടലമ്മ തന്നെ കൈകളിലിട്ട് താലോലിക്കുകയായിരുന്നു. ദിവസങ്ങൾ അങ്ങനെ കടന്നുപോയി.

ഒരു ദിവസം കടലിൽ പോയ അച്ഛൻ ഞെട്ടിയ മുഖഭാവത്തോടെ വീട്ടിലേക്ക് ഓടിക്കയറി. പെട്ടെന്നുതന്നെ അവളെയും വിളിച്ചുകൊണ്ട് മത്തായി മുതലാളിയുടെ വീട്ടിലേക്ക് പോയി.ആ നാട്ടിലെ ഒരു ജനപ്രമാണിയായിരുന്നു അയാൾ.അന്ന് അയാളുടെ വീട്ടിൽ മാത്രമേ ടിവിയുണ്ടായിരുന്നുള്ളൂ.ആ നാട്ടിലെ

മിക്കവരും അവിടെയുണ്ടായിരുന്നു.അവൾ നോക്കിയപ്പോൾ എല്ലാവരും തലയിൽ കൈവയ്ക്കുന്നു.അവൾക്ക് ഒന്നും മനസ്സിലായില്ല.അച്ഛൻ അവളോടായി പറഞ്ഞു ."മോളെ ,നമ്മുടെ വീട്ടിൽ വെള്ളം കയറാൻ പോവാ. നമ്മുടെ വീട് മുങ്ങാൻ പോവാ. അമ്മയെയും മോളെയും അച്ഛൻ വെള്ളം കയറാത്ത ഒരിടം വരെ കൊണ്ടു പോകാം”. ഇത് കേട്ടപ്പോൾ അവൾ പൊട്ടിക്കരഞ്ഞു. കാരണം,അവളുടെ വർഷങ്ങളുടെ കാത്തിരുപ്പിന്റെ ഫലമാണ് ആ വീട്. ചെറുതെങ്കിലും മനോഹരമായ വീട്. ആ വീട്ടിൽ വെള്ളം കയറുക എന്നത് തീർത്തും അസഹനീയമായിരുന്നു. അവളെ അച്ഛൻ വീട്ടിൽ കൊണ്ടുപോയി. അമ്മയെയും അവളെയും ആ അച്ഛൻ ഒരു ക്യാംപ് നടക്കുന്ന സ്കൂളിലേക്ക് മാറ്റി. അച്ഛൻ അവളോട് പറഞ്ഞു "മോളെ ഇന്ന് നീ എനിക്ക് വേണ്ടി കാത്തിരിക്കേണ്ട. മോള് അമ്മ പറയണത് കേട്ട് നല്ല കുട്ടിയായിട്ട് ഇരിക്കണം". അവൾ തല കുലുക്കി. എന്നിട്ട് ഒരു സംശയ ഭാവത്തോടെ അച്ഛനോട് ചോദിച്ചു ; "അപ്പോ അച്ഛനെവിടെ പോവാ?” അച്ഛൻ പറഞ്ഞു: “മോളെ എല്ലാവരും അപകടത്തിലാ .അച്ഛനും



Kerala Infrastructure and Technology for Education
Presents

അവരെയൊക്കെ രക്ഷിക്കാൻ പോകണ്ടേ?" അവൾ അച്ഛന് ഉമ്മ കൊടുത്തിട്ട് പറഞ്ഞയച്ചു.

രാവിലെ അവൾ ഉണർന്നപ്പോൾ അവൾക്ക് ഒന്നും ഓർമ്മയുണ്ടയിരുന്നില്ല. അവൾ അമ്മയോട് ചോദിച്ചു "അമ്മേ നമ്മളെവിടെയാ ഇപ്പോൾ?" നേരിയ സങ്കടത്തോടെ അമ്മ പറഞ്ഞു: "മോളെ നമ്മുടെ വീട്ടിൽ വെള്ളം കയറി". അത് പറഞ്ഞപ്പോഴേക്കും എല്ലാ കാര്യങ്ങളും അവളുടെ ഓർമ്മയിൽ തെളിഞ്ഞു വന്നു. അവൾ ചോദിച്ചു: "അമ്മേ അച്ഛനിതുവരെയും വന്നില്ലേ?" അമ്മ പറഞ്ഞു; "ഇല്ല മോളെ"അവൾ അച്ഛനെ കാത്തിരുന്ന് എട്ട് ദിവസങ്ങൾ കഴിച്ചു കൂടി. വെള്ളമിറങ്ങി, എല്ലാവരും വീടുകൾ വൃത്തിയാക്കാൻ പോയി. കൂടെ അവളും. ആ കോലാഹലങ്ങൾക്കിടയിലൂടെ അവൾ തേടിയത് ഒറ്റ മുഖം മാത്രം. അവളുടെ അച്ഛനെ.

വെള്ളമിറങ്ങിയതിന്റെ ഒന്നാം ദിവസം കടൽത്തിരത്ത് ശവശരീരങ്ങൾ അടിഞ്ഞുകൂടി. വീടുകളിൽ തിരിച്ചെത്താത്തവരുടെ വീടുകളിൽ നിന്ന് ആളുകളെ വിളിപ്പിച്ച് തിരിച്ചറിയൽ പരേഡ് നടത്തി.അങ്ങനെ അവളും അമ്മയും തിരിച്ചറിയൽ



Kerala Infrastructure and Technology for Education
Presents

പരേഡ് പോയി.പക്ഷെ മുഖങ്ങളെല്ലാം അവ്യക്തമായിരുന്നു .കാരണം,അത് അത്രമേൽ ജീർണിച്ചിരുന്നു.തന്റെ ഭർത്താവിന്റെ വലതുകൈയുടെ എല്ലിന്റെ പൊട്ടൽ ആ ഭാര്യ ഓർത്ത് പറഞ്ഞു.അങ്ങനെ എല്ലാ മൃതശരീരങ്ങളും പോസ്റ്റമോർട്ടം ചെയ്തു.അങ്ങനെ ചന്ദ്രനെ അവർ കണ്ടെത്തി. അത് തന്റെ അച്ഛനാണെന്നറിഞ്ഞപ്പോൾ ഒരു കുടുംബനാഥനെ നഷ്ടമായതിന്റെ വേദന ഉണങ്ങാത്ത മുറിവു പോലെ ആ കുടുംബത്തിൽ പ്രകടമായിരുന്നു.

നാളുകൾ കടന്നുപോയി.എല്ലാവരും എല്ലാ സംഭവങ്ങളും മറന്നു തുടങ്ങി.എന്നാൽ,ആ കൊച്ചുബാലികയ്ക്ക് സ്വന്തം അച്ഛന്റെ വേർപെടൽ മറക്കുവാൻ സാധിക്കുമായിരുന്നില്ല. ആ പ്രളയം അവളുടെ ജീവിതത്തെ തന്നെ മാറ്റിമറിച്ചു. അവൾ ഒരു ദൃഢനിശ്ചയത്തിലെത്തി.അവളുടെ അച്ഛൻ എന്നും പറയുമായിരുന്നു. "എന്റെ മോൾ പഠിച്ച് മിടുക്കിയായി ഒരു കളക്ടറായി എന്നെ കുടിലീന്ന് കൊട്ടാരത്തിലേക്ക് കൊണ്ടുപോവും. അല്ലെ മോളെ?" അച്ഛന്റെ ആ ആഗ്രഹ സഫലീകരണത്തിന് വേണ്ടി അവൾ



Kerala Infrastructure and Technology for Education
Presents

അക്ഷീണം പ്രയത്നിച്ചു.അവസാനം അവൾ ഒരു കളക്ടറായി.
ഇതുപോലെ പല ജീവിതങ്ങളെയും പ്രളയം മാറ്റിമറിച്ചു. ഈ പ്രളയം നമ്മെ പഠിപ്പിക്കുന്നത് മുന്നേറാനുള്ള കരുത്താണ്.അല്ലാതെ മെഴുകുതിരി പോലെ ഉരുകി ഉരുകി തീരാനുള്ളതല്ല.



Sona Peter
VII B






Kerala Infrastructure and Technology for Education Presents



***Ann Mary Biju***

***IX D***

# <u>കടങ്കഥകൾ</u>

- ആനയ്ക്കും നിലയില്ല പാപ്പാനും നിലയില്ല
  അമ്പാടിക്കണ്ണന് അരയോളം വെള്ളം

  - തവള

- ആനയിലുണ്ട് ചേനയിലില്ല ഇമയിലുണ്ട്
  ഇഷ്ടത്തിലില്ല രണ്ടക്ഷരമുള്ള ഞാനാര്

  - ആമ



Kerala Infrastructure and Technology for Education
Presents

- ആനയെ കാണാൻ വെളിച്ചമുണ്ട് വിളക്കു കൊളുത്താൻ തീയില്ല

  – ടോർച്ച്

- ഉണ്ടാക്കുന്നവർ ഉപയോഗിക്കുന്നില്ല ഉപയോഗിക്കുന്നവൻ അറിയുന്നില്ല

  – ശവപ്പെട്ടി

- എല്ലാത്തിനും എല്ലാം ദഹിക്കും .വെള്ളം കുടിച്ചാൽ ചത്തുപോകും

  - തീ

- എന്നെത്തൊട്ടുകൂട്ടും പക്ഷേ സദ്യക്കെടുക്കില്ല

  - കാൽക്കുലേറ്റർ

- ഒരമ്മനേരം വെളുത്താൽ വീടിനുചുറ്റും ഓടി നടക്കും പിന്നെ ചെന്നൊരു മുക്കിലിരിക്കും

- ചൂല്

- വെളുത്ത റോഡിലൂടെ കറുത്ത കാറോടുന്നു

-കണ്ണ്

- പുലിയുണ്ടതിന്മേൽ , പുകയുണ്ടതിന്മേൽ ,
  ഇലയുണ്ടതിന്മേൽ , തീയുണ്ടതിന്മേൽ ,
  കലയുണ്ടതിന്മേൽ , ആരോഗ്യഹാനിക്കു
  വകയുണ്ടതിന്മേൽ

- പുകവലി

- നാരികളെന്നെ മുടിയിൽ വയ്ക്കും
  ദേവകൾ തന്നുടെ മുടിയിലിരുത്തും
  പൂമ്പാറ്റയിലും നിലാവിലുമുണ്ടു ഞാൻ
  പറയൂ രണ്ടക്ഷരമെൻ നാമം

-പൂവ്

- ഓട്ടം കുതിര ചാട്ടം കുതിര വെള്ളം കണ്ടാൽ നിൽക്കും കുതിര

  -ചെരുപ്പ്

- നാലുകാലുള്ള നങ്ങേലിപ്പെണ്ണിനെ കോലുനാരായണൻ കട്ടോണ്ടുപോയി

  - പാമ്പ് തവളയെ പിടിക്കുന്നു

- വയലിന്റെ വളവിൽ അറുപത് മരത്തിൽ അറുപത് പൊത്ത് അറുപതു പൊത്തിൽ അറുപത് നത്ത്, എന്നാൽ നത്തിന്റെ കണ്ണെത്ര

  - രണ്ട്

- അനേകം മതിൽകെട്ടി അകത്തൊരു വെള്ളിവടി

  -വാഴപ്പിണ്ടി



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION PRESENTS

- അങ്ങോട്ടും ഇങ്ങോട്ടും നേരെനിന്ന് സത്യം പറയും

  - ത്രാസ്

- അങ്ങോട്ടും ഇങ്ങോട്ടും സംബന്ധം വീട്ടമ്മയ്ക്ക് നിർബന്ധം

  - വാതിലിന്റെ സാക്ഷ

- അടിയിൽ വട്ടക്കിണ്ണം മേലെ പച്ചപ്പന്തൽ

  - ചേന

- ആയിരം കിളികൾക്ക് ഒറ്റകൊക്ക്

  -വാഴക്കുല

- ആയിരം കണ്ണുള്ളവൻ ചന്തയ്ക്കുപോയി

  - വല

- ഇല്ലിമേലായിരം പല്ലിമുട്ട



Kerala Infrastructure and Technology for Education Presents

- നെല്ലിക്ക

- ഉടുതുണിയില്ലാത്തവൻ കുടചൂടി നിൽക്കുന്നു

  - തെങ്ങ്

- ഉരുട്ടാം പിരട്ടാം എടുക്കാൻ വയ്യ

  - കണ്ണ്

- എങ്ങും തിങ്ങിനടക്കും ആർക്കും പിടികൊടുക്കില്ല

  - കാറ്റ്

- അരിവയ്ക്കും മുമ്പേ കറിവയ്ക്കും

  - ചീര

- അമ്മ പെറ്റതെല്ലാം കറുത്ത പട്ടാളം

  - കട്ടുറുമ്പ്

- വില്ലാണു പക്ഷേ ഞാണില്ല കെട്ടാൻ അമ്പല്ല

പെയ്യുന്നതായിരം തുള്ളി



Kerala Infrastructure and Technology for Education Presents

- മഴവില്ല്

- ഒരാൾക്ക് തലയിലും കാലിലും തൊപ്പി

- ഉലക്ക

- കോലിനോട്ട പറഞ്ഞാൽ കോളാമ്പി ഏറ്റുപറയും

-ഉച്ചഭാഷിണി

- കാലുണ്ട് നടക്കില്ല കയ്യുണ്ട് വിരലില്ല മെയ്യുണ്ട് തലയില്ല

-കസേര

- തിന്നില്ല കുടിക്കില്ല തല്ലാതെ മിണ്ടില്ല

-ചെണ്ട

- അകത്തു തിരിതെറുത്തു പുറത്തു മുട്ടയിട്ടു



Kerala Infrastructure and Technology for Education Presents

-കുരുമുളക്

- പൂക്കില്ല കായ്ക്കില്ല വെട്ടിയാൽ തളിർക്കും

  - തലമുടി

- പിടിച്ചാൽ പിടികിട്ടില്ല, വെട്ടിയാൽ വെട്ടേൽക്കില്ല

  -വെള്ളം

- മൂന്ന് കണ്ണ്, ഒന്നേ തുറക്കു അതിൽക്കൂടി കരയാനേ കഴിയു കാണാൻ വയ്യ

  -തേങ്ങ

- രണ്ടു സുന്ദരികൾ ഒരുമിച്ചേ കരയു

  -കണ്ണ്



Kerala Infrastructure and Technology for Education Presents

➢ വെള്ളത്തിലിട്ടാൽ നനയില്ല വെയിലത്തിട്ടാൽ വാട്ടും

-ചേമ്പില



***Sruthi S***
***VII D***

## चुटकुल

कचूस बतिया अपनॆ लडका कॊ बुरी तरह पीट रहा था,

लात घूसॊं से मार रहा था,

पडॊसी-क्यॊं मार रहॆ हॊ बॆचारॆ कॊ?

कंचूस की बात सुनकर पडॊसी कॊ?

कंचूस बच्चे के कान पे चांटा मारते हुए बोला-
इसको बोला था,
एक सीढी छोडकर सीढियाँ चढना,
चप्पल काम घिसेगी,

साला दो सीढी छोडकर च ढा, पजामा फाड लाया
टीचर-बंट तू खडा हो ,मैं जो भी पूछू फटाफट जवान  देना

बंटू - ठीक है मैम

टीचर – हमारा राष्ट्रीय पशु कौन है?

बटू - फटाफट



Kerala Infrastructure and Technology for Education
Presents



*Ahalya Ashokan*

*IX D*

# വാർദ്ധക്യം നേരിടുന്ന വെല്ലുവിളികൾ

ഇന്ന് നാം ജീവിക്കുന്ന ഈ ലോകം കെട്ടിപ്പടുക്കുന്നതിൽ വലിയ പങ്ക് വഹിച്ചവരാണ് നമ്മുടെ പൂർവികർ.എന്തിനു വേണ്ടിയായിരുന്നു അത്? സമാധാനവും സന്തോഷവും നിറഞ്ഞ, ആഗ്രഹങ്ങൾ സാക്ഷാത്കരിക്കപ്പെട്ട ഒരു ലോകത്തിൽ ജീവിക്കാൻ വേണ്ടിയായിരുന്നു അത്. അവരുടെ ആ ആഗ്രഹം സാക്ഷാത്കരിക്കപ്പെടുകയും ചെയ്തു. പക്ഷേ,കുറച്ച്

പതിറ്റാണ്ടുകളായ് ആ സ്വപ്നം സഫലീകരിക്കപ്പെടുന്നില്ല. സന്തോഷത്തോടെ ജീവിക്കണമെന്ന് ആഗ്രഹിച്ചവർ വൃദ്ധസദനങ്ങളിൽ അഭയം തേടുന്നു.

അതെ. 'വാർദ്ധക്യംനേരിടുന്ന വെല്ലുവിളി'കളുടെ മുഖ്യകാരണം മക്കൾ തന്നെയാണ്. പ്രായമാകുന്നത് ഒരു രോഗാവസ്ഥയല്ല,മറിച്ച് ഒരു ജീവിതാവസ്ഥയാണ്. ഏതൊരു വ്യക്തിയ്ക്കും ആ അവസ്ഥ ഉറപ്പാണ്. ആ ഒരു തിരിച്ചറിവ് ഇല്ലാത്തതുകൊണ്ടാകാം 'കേരളം' വൃദ്ധസദനങ്ങളുടെ എണ്ണത്തിൽ ഒന്നാമതുതന്നെ കുറച്ചുവർഷങ്ങളായി നിൽക്കുന്നത്. ആരും ശ്രദ്ധിക്കാനില്ലാതെ, ഒരുകൂട്ടം ഉപേക്ഷിക്കപ്പെട്ടവരുടെ കൂടെ ജീവിതാവസാനം കഴിയേണ്ടിവരുന്നു. 50-നും 60-നും മുകളിൽ പ്രായമുള്ള വൃദ്ധരുടെ അഭയകേന്ദ്രമായി മാറി കേരളം.യഥാർഥ തിരിച്ചറിവുകൾ തേടി നാം ഇനിയും ദീർഘദൂരം സഞ്ചരിക്കേണ്ടി വരും.വീട്ടിൽ അതിഥികൾ വരുമ്പോൾ ഇത് എന്റെ അച്ഛനാണ്, ഇത് എന്റെ അമ്മയാണ് എന്ന് പറഞ്ഞ് പരിചയപ്പെടുത്താൻ മക്കൾ മടിയാണ്.എല്ലാവരും അതിൽ ഉൾക്കൊള്ളില്ല.എങ്കിലും 100-ൽ 96%-വും അങ്ങനെ തന്നെ.

ഇന്നത്തെ പുതിയ തലമുറയിൽ ഈ പ്രവണതയെക്കുറിച്ച് അവബോധം സൃഷ്ടിക്കാനായി പല പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. അഞ്ച് മുതൽ പത്ത് വരെ

പഠിക്കുന്ന കുട്ടികളുടെ പാഠപുസ്തകത്തിൽ വാർദ്ധക്യസംബന്ധമായ കവിതകളും കഥകളും നിരവധി ഉൾച്ചേർത്തിട്ടുമുണ്ട്. കുട്ടികളിൽ ഈ ബോധം ആദ്യം വളരണമെന്ന ഉദ്ദേശത്തോടെയാണ് ഈ പരിപാടികൾ. ഉപന്യാസവും, പ്രസംഗവും, സെമിനാറുകളുമെല്ലാം ഈ ബോധവൽക്കരണങ്ങൾക്കായി നാം ആവിഷ്കരിക്കുന്നു.

എന്നിട്ടും എന്തുകൊണ്ട് ഈ പ്രവണതമാറുന്നില്ല ?'
ഒക്ടോബർ 1 ' എന്തിന് നാം വൃദ്ധദിനമായി ആചരിക്കുന്നു ?
അതെ, ഒക്ടോബർ 1 നാം വൃദ്ധദിനമായി
ആചരിക്കുന്നു.'വൃദ്ധർ' എന്ന വിഭാഗത്തെ
ഓർമ്മിപ്പിക്കാനാണത്രേ ഈ ദിനം.അവരെ നാം ഒരു ദിനത്തിന്റെ അടിസ്ഥാനത്തിൽ ഓർക്കേണ്ടതെന്തിന് ? നമ്മുടെ അമ്മൂമ്മയെയും അപ്പൂപ്പനെയും ഓർക്കാൻ ഒരു ദിവസത്തിന്റെ ആവശ്യമുണ്ടോ? പാഠപുസ്തകത്തിൽ വൃദ്ധരെ സംരക്ഷിക്കേണ്ടതിനെക്കുറിച്ച് പറയുകയും ആ കുട്ടികളെ തന്നെ 'വൃദ്ധദിനം' എന്ന ആശയം എത്തിക്കുകയും ചെയ്യുന്നു. എന്തായാലും ഒരാശയക്കുഴപ്പം അതിൽ നിന്ന് അവരിൽ സൃഷ്ടിക്കപ്പെടും.

വ്യക്തമായ ഒരു കാഴ്ച്ചപ്പാട് ഇതുവരെയും ഇതിൽ ഇല്ല എന്നതിന്റെ തെളിവുകളാണിവ. 'മാതാ പിതാ ഗുരു

ദൈവം' എന്ന ചൊല്ലുകൾ പഴം പാട്ടുപോലെയായിരിക്കുന്നു. പണ്ട് , ഒരു മുതിർന്ന വ്യക്തിയെ കണ്ടാൽ ബഹുമാനിച്ചിരുന്ന കുട്ടികൾ ഇപ്പോൾ ഒരു വിലപോലും അവർക്ക്നൽകുന്നില്ല. ഇതിന്റെയെല്ലാം കാരണം മാറുന്ന നമ്മുടെ സംസ്കാരം തന്നെയാണ്. ബോധവൽക്കരണങ്ങൾ സൃഷ്ടിക്കുന്ന മാറ്റങ്ങളെക്കാൾ വലുതായിരിക്കും ചിന്തകൾ സൃഷടിക്കുന്ന മാറ്റം.കഴിഞ്ഞു പോയതെല്ലാം പാഠങ്ങൾ എന്നു കരുതി ഇനി വരുന്നതിൽ പ്രാവർത്തികമാക്കാൻ നമുക്ക് ശ്രമിക്കാം. നമുക്ക് വേണ്ടി നമ്മുടെ മാതാപിതാക്കൾ ഒഴുക്കിയ കണ്ണീരിനും വിയർപ്പിനും പകരമായെങ്കിലും വാർദ്ധക്യത്തിൽ അവർക്കായ് ഒരുമിച്ച് കൈകോർക്കാം. ഒരു കുടക്കീഴിൽ അവരെ ചേർത്തുനിർത്താം. നമുക്കായ് കരുതിയതിനെല്ലാം പകരമായി ഇത്രയെങ്കിലും മാത്രം...... നമുക്കായ് സ്വപ്നങ്ങൾ നെയ്ത നമ്മുടെ മാതാപിതാക്കന്മാർക്കായി വൃദ്ധസദനങ്ങൾ വേണ്ടെന്നു വയ്ക്കാം. കാലം അവരിൽ വരുത്തിയ മാറ്റങ്ങൾ ജീവിതശൈലിയായി കണ്ടുകൊണ്ട് സ്നേഹിക്കാം. കരുതാം അവർക്കായ് ഒരുപിടി സ്നേഹതണൽ. 'വൃദ്ധദിനം' ഇല്ലാതെതന്നെ അവരെ ഓർക്കാനായ് നമുക്ക് ശീലിക്കാം.....



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS

# e-മൊഴി.




KERALA INFRASTRUCTURE AND
TECHNOLOGY FOR EDUCATION
PRESENTS



***Aiswarya Sudhan***
***X C***

# വിശപ്പില്ലാത്ത വിദ്യാർത്ഥി

വാരണപ്പള്ളിയിൽ താമസിച്ചിരുന്ന അന്തേവാസികൾക്കെല്ലാം നിത്യവും ആഹാരം വിളമ്പിക്കൊടുത്തിരുന്നത് കൃഷ്ണപ്പണിക്കരുടെ സഹധർമ്മിണിയാണ്.വിദ്യാർത്ഥികളുടെ ഓരോ ചെയ്തികളും അവർ പ്രത്യേകം ശ്രദ്ധിക്കാറുണ്ടായിരുന്നു.വിളമ്പിക്കൊടുക്കുന്ന ചോറിൽ പാതിപോലും കഴിക്കാതെ കൊച്ചുനാണു ഇലയും പൊക്കിപ്പോകുന്നത് ആ ഗൃഹനായിക പലപ്പോഴും ശ്രദ്ധിച്ചു.



Kerala Infrastructure and Technology for Education
Presents

"എന്താ ഈ കുട്ടിക്ക് വിശപ്പില്ലെന്നോ?അല്പം ചോറുമാത്രം തിന്നിട്ട് ബാക്കിയെല്ലാം ഇവൻ പുറത്തു കളയുകയാണല്ലോ?"

ഇതിന്റെ രഹസ്യം അറിയണം .അവർ മനസ്സിൽ വിചാരിച്ചു.കൊച്ചുനാണു പതിവുപോലെ ഇലയുമായി എഴുന്നേറ്റ് പുറത്തേക്ക് നടന്നു.ആ വീട്ടമ്മ പിന്നാലെ ചെന്നു.അപ്പോഴാണ് ആ കാഴ്ച്ച കണ്ടത്.നാണു വരുന്നതും കാത്ത് ഒരു പാവം പട്ടി പിന്നാമ്പുറത്ത് നിൽക്കുന്നു.തീരെ പ്രായം ചെന്ന ആ മിണ്ടാപ്രാണിയുടെ ശരീരത്തിൽ എല്ലും തോലും മാത്രമേ ബാക്കിയുള്ളൂ.നാണു തന്റെ ചോറുംകറിയും ആ പട്ടിയുടെ മുന്നിൽ നിവർത്തിവച്ചു വിശപ്പുകൊണ്ടു ആ പട്ടി ചാറ് കപ്പികപ്പിത്തിന്നു.നാണുവിന്റെ മുഖത്ത് സംതൃപ്തിയുടെ കളിയാട്ടം.ഇത് കണ്ട് ഗൃഹനായികയ്ക്ക് കലികയറി.

അവൾ ചോറിന്റെ അളവ് കുറച്ചു.നാണു ഒരു പടി മാത്രം വരുത്തിയിട്ട് ബാക്കി മുഴുവൻ തന്റെ മിത്രത്തിന് സമ്മാനിച്ചു.



Kerala Infrastructure and Technology for Education
Presents

നാണു ക്ഷീണിച്ചു വരുന്നത് കൃഷ്ണപ്പണിക്കരുടെ ശ്രദ്ധയിൽപ്പെട്ടു.അദ്ദേഹം നാണുവിനോട് ചോദിച്ചു. "എന്താ,നാണു നിനക്കിത്ര ക്ഷീണം .ക്ഷീണമൊന്നും എനിക്ക് തോന്നുന്നില്ലല്ലോ. എന്റെ നാണു പിന്നെന്താ വിശപ്പില്ലായ്മയോ? ഭക്ഷണത്തോട് മടുപ്പോ?അതൊന്നുമില്ല.പിന്നെ ചോറു മുഴുവൻ കൊണ്ടുപോയി ആ പട്ടിക്ക് കൊടുക്കുന്നതെന്താ?

ആ പട്ടി ഇത്രയും കാലം ഈ വീടിന്റെ വിശ്വസ്ത തോഴനായിരുന്നു. വേണ്ടപ്പട്ടവർ അവനെ കൈവടിഞ്ഞു. അതിനാൽ അത് ക്ഷീണിച്ചു. എനിക്കതു സഹിക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് ഞാനവന് എന്റെ ഭക്ഷണം കൊടുത്തു.കാര്യം മനസ്സിലായ പണിക്കർ ഭാര്യയെ വിളിച്ചു,എന്നിട്ടു പറഞ്ഞു. അവന്റെ ആ പട്ടിയുടെ കാര്യം മറക്കരുത്.


അവനു ഭക്ഷണം കൊടുത്തിട്ടേ നീ കഴിക്കാവൂ.ഭാര്യയ്ക്ക് ഭർത്താവിന്റെ വാക്കുകൾ സ്വീകരിക്കേണ്ടതായി വന്നു.അന്നുമുതൽ ആ

വയസ്സൻ പട്ടിക്ക് ഭക്ഷണം കിട്ടാൻ തുടങ്ങി.തന്റെ തന്ത്രം വിജയിച്ചതിൽ നാണു അത്യധികം സന്തോഷിച്ചു.

നാണു–നാരായണൻ–ശ്രീനാരായണഗുരു



Kerala Infrastructure and Technology for Education
Presents



***Anu Biju***
***IX D***





KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS



***Sruthi S***
***VII D***

# हम सब एक है

*एक माता की बच्छा*
*एक नदि से पानी पीर्त है*
*एक घरती में जीते है*
*हम सब एक है*
*भाषा , वस्ती ,निर सब विभिन्न*
*है लेकिन हम सब एक है। इनसान*



Kerala Infrastructure and Technology for Education Presents


എം. ജി. എം. എച്ച്. എസ്. എസ് കുറുപ്പംപടി
പ്രവേശനോത്സവം 2018
SSLC പരീക്ഷയിൽ ഉന്നതവിജയം നേടിയ കുട്ടികളെ ആദരിക്കലു
സ്മാർട്ട് ക്ലാസ്സിന്റെ ഉദ്ഘാടനവും



## നന്ദിപൂർവ്വം...........

കരിയിലകൾ പാറി വീണ നാട്ടുവഴികളിലൂടെ.....
കാലത്തിന്റെ ഓർമ്മകൾ പേറി നാം യാത്രയായപ്പോൾ
സൃഷ്ടിയുടെ സുഗന്ധം വഴികാട്ടിയായി..
പറഞ്ഞതിലുമേറെ പറയാൻ ബാക്കിവച്ചുകൊണ്ട്....
കേട്ടതിലുമേറെ കേൾക്കാൻ കൊതിപ്പിച്ചുകൊണ്ട്
കാലം യാത്രയാവുകയാണ്......സാങ്കേതിക വിദ്യയുടെ
അകമ്പടിയോടെ........
വാക്കുകൾ അനുഭവങ്ങൾക്കു വഴിമാറുമ്പോൾ......
ഓർമ്മകൾ ഹൃദയത്തോട് ചേർത്തുവയ്ക്കുമ്പോൾ......

**'e-മൊഴിയുടെ'** പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും......

നന്ദി.....

ഒരുപാടൊരുപാട്......



Kerala Infrastructure and Technology for Education
Presents

# **Education is the most *powerful weapon* which you can use to change the world.**





Kerala Infrastructure and Technology for Education Presents